**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2102** 06-07-2022 - ൽ മറുപടിയ്ക്ക്

**പി.എച്ച്.സി. എഫ്.എച്ച്.സി. ആക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിക്കത്തോട്, വിഴിക്കത്തോട് എന്നീ പി.എച്ച്.സി.കളെയും ഇടയിരിക്കപ്പുഴയിലെ സി.എച്ച്.സി.യെയും എഫ്.എച്ച്.സി.കളാക്കുന്നതിനുള്ള പ്രവൃത്തി ഏത് ഘട്ടത്തിലായെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; | (എ) | **ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പള്ളിക്കത്തോട് പ്രാഥമികാരോഗ്യ കേന്ദ്രം, വിഴിക്കത്തോട് പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായും സ.ഉ(സാധാ) നം.619/2020/H&FWD തീയതി 20.03.2020 പ്രകാരം ഇടയിരിക്കപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായും ഉയർത്തിയിട്ടുണ്ട്.**<br><br>**വിഴിക്കത്തോട് പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. പള്ളിക്കത്തോട് പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് എൻ.എച്ച്.എം. ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേനയുള്ള ഫണ്ടും ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.**<br><br>**സി.എച്ച്.സി, ഇടയിരിക്കപ്പുഴയെ ബ്ലോക്ക്തല എഫ്.എച്ച്.സി. ആക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.** |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ കരിക്കാട്ടൂർ, നെടുങ്കുന്നം, കാളകെട്ടി എന്നിവിടങ്ങളിലെ പി.എച്ച്.സി.കളെ എഫ്.എച്ച്.സി.കളാക്കുന്നതിനുള്ള കെട്ടിടനിർമ്മാണ പ്രവൃത്തിക്കായി എൻ.എച്ച്.എം. ഫണ്ടിൽ നിന്നും മതിയായ തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ; | (ബി) | കരിക്കാട്ടൂർ, നെടുങ്കുന്നം, കാളകെട്ടി എന്നിവിടങ്ങളിലെ പി.എച്ച്.സി.കളെ എഫ്.എച്ച്.സി.കളായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്ക് 15,50,000/- രൂപ വീതം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ അധിക തുകയ്ക്കായി എൻ.എച്ച്.എം.ന്റെ 2022-24 സാമ്പത്തിക വർഷത്തിലെ PIP-യിൽ പ്രസ്തുത പ്രൊപ്പോസലുകൾ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലെ ഒ.പി. | (സി) | കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ 2020-21 |

| | | | |
|---|---|---|---|
| | നവീകരണവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലായി എന്നും എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും അറിയിക്കുമോ? | | സാമ്പത്തിക വർഷത്തിലെ സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന ഒ.പി. പരിവർത്തന പ്രവൃത്തികൾക്കായി 76.72 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല FIT എന്ന ഏജൻസിയെ ആണ് ഏൽപ്പിച്ചത്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>കൂടാതെ, കാഞ്ഞിരപ്പള്ളി ആശുപത്രിയിൽ 2021-22 സാമ്പത്തിക വർഷത്തിലെ സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന ഒ.പി. പരിവർത്തന പ്രവൃത്തിക്കായി ഒരുകോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട്(DPR). തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ